## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6613 01.11.2011-ൽ മറുപടിയ്ക്ക്

### കുരിയാർകുറ്റി/കാരപ്പാറ ജലസേചന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. ബാബു.എം.പാലിശ്ശേരി<br>ശ്രീ. കെ.ദാസൻ<br>ഡോ. കെ.ടി.ജലീൽ | ശ്രീ. പി.ജെ.ജോസഫ്<br>( ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നിർമ്മാണത്തിലിരിക്കുന്ന കുരിയാർ കുറ്റി/കാരപ്പാറ ജലസേചന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) കുരിയാർകുറ്റി-കാരാപ്പാറ പദ്ധതിക്ക് കേന്ദ്ര ജലകമ്മീഷന്റെ ( Central Water Commission) അനുമതി ലഭിച്ചിട്ടില്ല. ജലസേചന വകുപ്പ് 1999 ലെ എസ്ഒആർ പ്രകാരം സമർപ്പിച്ച റിപ്പോർട്ട് സിഡബ്ല്യൂസി നിരസിച്ചു. ഒരു വിവിധോദ്ദേശപദ്ധതിയായതിനാൽ കെ.എസ്.ഇ.ബി -യും ജലസേചന വകുപ്പും ചേർന്ന് കമ്പയ്ൻഡ് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി ചെലവ് പങ്കിടുന്ന കാര്യത്തിൽ കെ.എസ്. ഇ.ബി-യും ജലസേചന വകുപ്പും ധാരണയിലെത്താൻ സാധിച്ചിട്ടില്ല. |
| (ബി) നീലം കച്ചി മുതൽ കോരയാർ വരെ ജലസേചനം നടത്താനുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കണമെന്ന ബഹു.കേരള ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം നീലംകച്ചി മുതൽ കോരയാർ വരെയുള്ള കനാൽ നിർമ്മാണം പൂർത്തിയായി. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സാധ്യതാ പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിന് ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ; | (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജി.ഒ(ആർ.ടി.) നം. 356/09/ജവിവ തിരുവനന്തപുരം. തീയതി 28.03.2009 പ്രകാരം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തിരുവനന്തപുരം കൺവീനറും, ചീഫ് എഞ്ചിനീയർ (ഐപിപിഎസ്), കെ.എസ്.ഇ.ബി, തിരുവനന്തപുരം, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി എന്നിവർ മെമ്പർമാരായി രൂപീകരിച്ച സമിതിയിൽ ജി.ഒ.(ആർ.ടി) നം. 972/2009/ജവിവ തിരുവനന്തപുരം തീയതി 22.08.2009 പ്രകാരം ചീഫ് എഞ്ചിനീയർ, കാവേരി സെൽ (പ്രോജക്ട്സ് 1) കോഴിക്കോടിനെ കൂടി മെമ്പർ ആയി ഉൾപ്പെടുത്തി സമിതി പുനഃസംഘടിപ്പിച്ചു. |
| (ഡി) | സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ മേശപ്പുറത്ത് വയ്ക്കുമോ? | (ഡി) | സമിതി റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ